**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **28-06-2022 - ൽ മറുപടിയ്ക്ക്**

**കേരളാ ബാങ്കിലെ ജീവനക്കാരുടെ നിയമനരീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിൽ കരാർ വ്യവസ്ഥയിൽ/നിത്യ വേതന വ്യവസ്ഥയിൽ എത്ര പേർ ജോലി നോക്കുന്നു; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിൽ **581** പേർ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു**.** വിശദ വിവരങ്ങൾ അനുബന്ധം **(A)** ആയി ചേർത്തിരിക്കുന്നു |
| (ബി) | കേരള ബാങ്കിന് ഷെഡ്യൂൾഡ് ബാങ്കിന്റെ പദവി ലഭിക്കുകയും റിസർവ് ബാങ്കിന്റെ പൂർണ്ണ നിയന്ത്രണത്തിലാവുകയും ചെയ്തതോടുകൂടി സംസ്ഥാന സഹകരണ ബാങ്കിന് സഹകരണം എന്ന പദത്തിന്റെ അർത്ഥം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കായി തന്നെ കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രവർത്തിക്കുന്നു. |
| (സി) | കോവിഡും മറ്റും കാരണം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് വരുന്ന പ്രവാസികൾക്ക് ജോലി നൽകാനുള്ള എന്തെങ്കിലും നടപടികൾ സഹകരണമേഖലയിൽ കൊണ്ട് വരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ്; | (സി) | കോവിഡും മറ്റും കാരണം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് വരുന്ന പ്രവാസികൾക്ക് വേണ്ടി കേരള സംസ്ഥാന സഹകരണ ബാങ്ക് വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.കേരള സർക്കാരിന്റെ അധീനതയിലുള്ള NORKA ROOTS മായി സഹകരിച്ച് **KB Pravasi Kiran, KB Pravasi Bhadratha** എന്നീ വായ്പാ പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**KB Pravasi Kiran** പദ്ധതി പ്രകാരം പരമാവധി 24 ലക്ഷം രൂപ വരെ 84 മാസക്കാലയളവിൽ അനുവദിക്കുന്നുണ്ട്. കൂടാതെ 3 ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിയും, ആദ്യ നാല് വർഷത്തേക്ക് 3% പലിശ നിരക്കിൽ പലിശ സബ്സിഡിയും നൽകി വരുന്നുണ്ട്.<br><br>**KB Pravasi Bhadratha** പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെ 60 മാസക്കാലയളവിൽ അനുവദിക്കുന്നു. കൂടാതെ 1 ലക്ഷം രൂപ വരെ ക്യാപ്പിറ്റൽ സബ്സിഡിയും ആദ്യ നാല് വർഷത്തേക്ക് 3% പലിശ സബ്സിഡിയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മലപ്പുറം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പ്രതിപക്ഷ കക്ഷി ഭരിക്കുന്ന ബാങ്കുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അവ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | മലപ്പുറം ജോയിന്റ് രജിസ്ട്രാർ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ കക്ഷി രാഷ്ട്രീയ പരിഗണന ഇല്ലാതെ തന്നെ നീതിപൂർവ്വം സമയ ബന്ധിതമായി പരിഹരിച്ചു വരുന്നുണ്ട്. |
| (ഇ) | കേരള ബാങ്കിൽ ലയിക്കാതെ മാറി നിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ കാർഷികമേഖലയിൽ നൽകാതിരിക്കുന്നത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) | കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും അംഗ സംഘങ്ങൾക്കാണ് വായ്പ നൽകി വരുന്നത്. നിലവിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ അംഗമല്ലാത്തതിനാൽ കേരള ബാങ്കിൽ നിന്നും വായ്പ നൽകുന്നതിന് സാധിക്കുന്നില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനും കാർഷിക മേഖലയിൽ നബാർഡിന്റെയും മറ്റും ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (A)

| ക്രമ നമ്പർ | തസ്തികയുടെ പേര് | ദിവസ വേതനക്കാരുടെ എണ്ണം |
|---|---|---|
| 1 | ക്ലർക്ക് | 117 |
| 2 | ഡാറ്റ് എൻട്രി ഓപ്പറേറ്റർ | 4 |
| 3 | സ്റ്റെനോ/ടൈപ്പിസ്റ്റ് | 11 |
| 4 | അസിസ്റ്റന്റ് ടു സെയിൽ ആഫീസർ | 1 |
| 5 | ഐ.റ്റി സപ്പോർട്ടിംഗ് സ്റ്റാഫ് | 56 |
| 6 | ബുക്ക് എൻട്രി ഓപ്പറേറ്റർ | 1 |
| 7 | അപ്രൈസർ | 183 |
| 8 | ഡ്രൈവർ | 17 |
| 9 | പ്യൂൺ | 60 |
| 10 | ഇലക്ട്രീഷ്യൻ | 4 |
| 11 | എ.സി പ്ലാന്റ് ഓപ്പറേറ്റർ | 1 |
| 12 | സ്കാവഞ്ചർ | 1 |
| 13 | പാർട്ട് ടൈം സ്വീപ്പർ | 120 |
| 14 | ക്യാന്റീൻ വർക്കർ | 2 |
| 15 | ഓഫീസ്/ടീ ബോയ്/ടി ബോയ് അസിസ്റ്റന്റ് | 3 |
| | **ആകെ** | **581** |